# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **365** **24.08.2017**-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സാമൂഹ്യക്ഷേമ പരിപാടികൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>,, ബി.സത്യൻ<br>,, കെ.ജെ. മാക്സി<br>,, എം. രാജഗോപാലൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പരിപാടിയുടെ വിശദാംശം നൽകുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമപദ്ധതികൾ**<br>**1. വിവാഹ ധനസഹായം**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹധന സഹായം 50,000/- രൂപയിൽ നിന്ന് 75,000/- രൂപയായി വർദ്ധിപ്പിച്ചു<br>**2. മിശ്ര വിവാഹിതർക്ക് ധനസഹായം**<br>മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികഇതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നൽകുന്ന ധനസഹായം 50,000 രൂപയിൽ നിന്ന് 75,000/- രൂപയായി വർദ്ധിപ്പിച്ചു<br>**3. ഭൂരഹിത പുനരധിവാസ പദ്ധതി**<br>പട്ടികജാതി യിൽപ്പെട്ട ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഈ പദ്ധതി മുഖേന ഭൂമി അനുവദിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 5 സെന്റ് വാങ്ങുവാൻ 3,75,000/- രൂപയും നഗരസഭകളിൽ 3 സെന്റ് വാങ്ങുവാൻ 4,50,000/-രൂപയും കോർപ്പറേഷനിൽ 3 സെന്റ് വാങ്ങുവാൻ 6 ലക്ഷം രൂപയും നൽകുന്നു.<br>**4. ഭവന നിർമ്മാണ ഗ്രാൻറ്.**<br>2014- 15 സാമ്പത്തിക വർഷം മുതൽ 3,00,000/- രൂപ ഭവനനിർമ്മാണ ഗ്രാൻറ് ആയി നൽകുന്നു.<br>**5. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.**<br>ഭൂരഹിത ഭവന രഹിതരായ വേടൻ, നായാടി, ചക്ലിയ, കല്ലാടി, അരുന്ധതിയാർ എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് |

വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. വീടിന് 3,50,000/- രൂപയും സ്ഥലം വാങ്ങുവാൻ 3,75,000/- രൂപയും നൽകുന്നു.

**6. പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി.**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ പട്ടികജാതിക്കാരിൽ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർക്ക് ബഹു.പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000/- രൂപ വരെ ചികിത്സാധനസഹായമായി അനുവദിക്കുന്ന പദ്ധതിയാണിത്. ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ് എന്നിവയ്ക്ക് ഒരു ലക്ഷം രൂപ വരെ അനുവദിയ്ക്കുന്നു. ഈ സർക്കാർ വന്നശേഷം വരുമാനപരിധി 50,000 രൂപയിൽനിന്ന് ഒരു ലക്ഷമാക്കി ഉയർത്തി.

**7. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യ ധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷമായി ആചരിക്കുന്നു.

**8. ഭവനപുനരുദ്ധാരണം / അഡീഷണൽ റൂം ധനസഹായ പദ്ധതി**

ഭവനനിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന് പുതിയ തായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി.

**9. വിജ്ഞാൻവാടി**

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലികവിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമായതാണ് വിജ്ഞാനവാടികൾ

**10. ഹോമിയോ ഹെൽത്ത് സെന്റർ**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

**11.വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം**

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി നൽകിയിരുന്ന ധനസഹായം 50,000/- രൂപയിൽനിന്ന് 1,00,000/- രൂപയാക്കി ഉയർത്തി.

**പട്ടികവർഗ്ഗവികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ**

1. സമഗ്ര ആരോഗ്യ പദ്ധതി.
2. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി.
3. പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ.
5. ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി.
6. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി.
7. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.
8. അടിസ്ഥാനസൗകര്യവികസനത്തിനായി അംബേദ്ക്കർ സെറ്റിൽമെന്റ് വികസനപദ്ധതി.
9. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി.
10. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതികൾ.
11. പട്ടികവർഗ്ഗപെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി. (1,38,000/-രൂപ നാലു ഗഡുക്കളായി നിക്ഷേപിച്ച് 18 വയസ്സാകുമ്പോൾ 3,00,000/-രൂപ ലഭിക്കുന്ന സമഗ്ര ഇൻഷുറൻസ് പാക്കേജാണിത്.)
12. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം.
13. പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി.

| | | | |
|---|---|---|---|
| | | | 14. ജീവനോപാധി പ്രവർത്തനങ്ങൾ/ സ്വയം തൊഴിൽ പദ്ധതികൾ. |
| (ബി) | ഭൂരഹിത പുനരധിവാസ പദ്ധതി ലക്ഷ്യം നേടുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്; ഈ പദ്ധതിയുടെ പ്രായോഗികത കണക്കിലെടുത്ത് പരിഷ്കരിച്ച് വിപുലമായ തോതിൽ നടപ്പിലാക്കാൻ സാധിക്കുമോ; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>മുൻവർഷങ്ങളിൽ ഭൂരഹിത പുനരധിവാസ പദ്ധതി ഭൗതികലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട് എന്നത് ഈ പദ്ധതിയുടെ വിജയത്തെ കാണിക്കുന്നു. 2016-17-ൽ 4465 കുടുംബങ്ങൾ സ്ഥലം വാങ്ങി. 100 ശതമാനം നേട്ടം കൈവരിച്ചു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 09/11/2001 ലെ 63/01/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ ആദിവാസി പുനരധിവാസ വികസന മിഷൻ ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ച് ഏക്കർ വരേയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടാണ് രൂപീകരിച്ചത്.<br><br>മിഷൻ രൂപീകരിച്ചതിന് ശേഷം നാളിതുവരെ 7718 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9737.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ 5 ഏക്കർ വീതവും മറ്റിടങ്ങളിൽ ഒരേക്കർ വീതവും ഭൂമി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഒരേക്കറിൽ കുറവ് ഭൂമിയും നൽകിയിട്ടുണ്ട്. പുനരധിവസിപ്പിച്ച ചില പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗശല്യമുള്ളതിനാൽ ചില മേഖലകളിൽ പുനരധിവസിപ്പിച്ചവർ സ്ഥിരമായി താമസിക്കുവാൻ തയ്യാറാകാത്ത സ്ഥിതിയുണ്ട്. നൽകിയ ഭൂമി കൃഷിയോഗ്യമല്ലാത്തതിനാൽ ഉപേക്ഷിച്ച് പോയവരുമുണ്ട്. മിഷന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഭൂരഹിതരായി 22052 പേരു |

| | | | |
|---|---|---|---|
| | | | ണ്ടായിരുന്നതിൽ 7718 പേർക്ക് ഭൂമി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഹു.സുപ്രീം കോടതിയുടെ അനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ എന്നിവയിലൂടെയും വനാവകാശ നിയമ പ്രകാരം നൽകേണ്ട ഭൂമിയും നൽകുന്നതിന് കർശനവും സമയബന്ധിതവുമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിക്ഷിപ്തവന ഭൂമി സർവ്വെ നടത്തുന്നതിന് സ്പെഷ്യൽ ടിമീനെ നിയോഗിച്ചു. നിലവിലുള്ള ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലെ ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനായി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വനാവകാശ നിയമം നടപ്പിലാക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നു.<br>പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് ഭൂരഹിതരായ 11,594 പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ടിയാളുകൾക്ക് റവന്യൂ ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനും നടപടി സ്വീകരിക്കുന്നു.<br>ബഹു.സുപ്രീം കോടതിയുടേയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണത്തിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, വനം വകുപ്പ് APCCF എന്നിവർ അംഗങ്ങളായ സ്പെഷ്യൽ ടീമിനെ നിയമിച്ച് ടി ഭൂമി സർവ്വെ നടത്തി വിതരണത്തിന് അനുയോജ്യമാക്കുന്നതിനുള്ള നടപടി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം 1011 പേർക്ക് 1341.36 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതിയിൽ ഭൂരഹിതരായിട്ടുള്ള മുഴുവൻ കുടുംബങ്ങളെയും എല്ലാ സൗകര്യങ്ങളോടും കൂടി പുനരധിവസിപ്പിക്കുവാൻതക്ക പ്രൊജക്ടുകൾ ജില്ലാ മിഷൻ മുഖേന തയ്യാറാക്കി 4 വർഷംകൊണ്ട് എല്ലാ ഭൂരഹിതർക്കും ഭൂമി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മാനവികമാക്കി തീർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ലക്ഷ്യപ്രാപ്തിക്കുതകും വിധം പുന:സംഘടിപ്പിച്ച് വ്യാപകമായ തോതിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2 മുതൽ 16 വരെയുള്ള കാലയളവ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ ആചരിച്ചു വരികയാണ്.<br>ടി കാലയളവിൽ കോളനികൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ ക്ലാസുകളും , സെമിനാറുകളും വ്യാപകമായി നടത്തി വരുന്നു. 'ബഹുസ്വരതാധിഷ്ഠിത ഇന്ത്യൻ ദേശീയത'എന്ന സന്ദേശം അടിസ്ഥാനമാക്കി എല്ലാ പഞ്ചായത്ത്/ നഗരസഭാ തലത്തിലും ബോധവത്കരണ പരിപാടികൾ നടത്തുവാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്. |
| (ഡി) | വിജ്ഞാൻവാടികൾ സ്ഥാപിക്കാനുള്ള പദ്ധതിഎത്രമാത്രം പ്രാവർത്തികമായിട്ടുണ്ട് എന്നറിയിക്കാമോ? | (ഡി) | പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറുകൾ, വായനശാല എന്നിവ സജ്ജീകരിച്ചു കൊണ്ട് പട്ടികജാതി കോളനികൾ/ സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ വിജ്ഞാൻവാടി പദ്ധതിക്ക് ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടില്ല. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട 140ൽ 70 ഉം, രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ട 1000 ൽ 162 ഉം മാത്രമെ പൂർത്തിയായിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ